## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 357 — 14/07/2015-ൽ മറുപടിക്ക്

## ആദിവാസികളുടെ ഭരണഘടനാപരമായ അവകാശങ്ങളും ആരോഗ്യ പ്രശ്നങ്ങളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. പ്രദീപ്കുമാർ :<br>,, എ.കെ.ബാലൻ :<br>,, കെ.രാധാകൃഷ്ണൻ :<br>,, സി.കെ സദാശിവൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | ആദിവാസികൾക്ക് ഭരണ ഘടനാപരമായി ലഭ്യമാകേണ്ട അവകാശങ്ങൾ സംരക്ഷിച്ച നൽകുന്നതിൽ ഈ സർക്കാരിന്റെ പ്രവർത്തനം വിലയിരുത്തിയി ട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br>പട്ടികവർഗ ജനവിഭാഗത്തിന് ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങളായ- പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, ഭക്ഷണം തുടങ്ങിയവ ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ് മറ്റ് വകുപ്പുകൾ എന്നിവ മുഖേന നടപ്പാക്കി വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിന് ചൂഷണത്തിന് എതിരെ പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം-പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീക രിച്ചിട്ടുണ്ട്. കൂടാതെ തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നട പ്പാക്കി വരുന്നു. |
| (ബി) | ആദിവാസി മേഖലയിൽ ഗർഭിണി കൾക്കും കുട്ടികൾക്കും ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരി ക്കുന്നതിന് സർക്കാർ നൽകിയ ഉറപ്പ് പാലിക്കുന്നതിന് സാദ്ധ്യമായി ട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാർ ആദിവാസികളായ സ്ത്രീകൾക്കും, കുട്ടികൾക്കും പോഷകാഹാര കുറവ് ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി വിവിധ ക്ഷേമ പദ്ധ തികൾ വിവിധ വകുപ്പുകളുടെ ഏകോപന ത്തോടെ നടപ്പാക്കി വരുന്നു.<br>പട്ടികവർഗ്ഗക്കാർക്കായി ആശുപത്രിയിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതോടൊപ്പം ചികിത്സയ്ക്കും പുനരധിവാസത്തിനുമായി ചികിത്സാ ധനസഹായം പ്രോജക്ട് ഓഫീ സർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ വഴി നൽകി വരുന്നു. **ജനനി-ജന്മരക്ഷാ** പദ്ധതി പ്രകാരം എ.പി.എൽ/ബി.പി.എൽ ഭേദമ ന്യേ എല്ലാ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണി കൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 1000/- രൂപ വീതം ആവശ്യമായ പോഷകാഹാരം വാങ്ങി കഴിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മണിയോർഡറായി തുക അയച്ചു കൊടുക്കുന്നു. കുട്ടിക്ക് 1 വയസ് തികയുന്നതു വരെ പരമാവധി 18 മാസം ടി ആനുകൂല്യം ലഭ്യമാക്കി വരുന്നു. പട്ടികവർഗ്ഗക്കാർക്ക് വേണ്ടി അനാഥരായ കുട്ടികളുടെ സംരക്ഷണം ഉറപ്പാ |

| | | | |
|---|---|---|---|
| | | | ക്കുന്ന **കൈത്താങ്ങ് പദ്ധതി,** അരിവാൾ രോഗികൾക്ക് പ്രതിമാസം 1000/- രൂപ ധനസഹായം നൽകുന്ന പദ്ധതികളും വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. വർഷകാലത്ത് പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് ജാഗ്രതാ നിർദ്ദേശം എല്ലാ ജില്ലാ ഓഫീസർമാർക്കും യഥാസമയം നൽകി വരുന്നു. |
| (സി) | പകർച്ചവ്യാധികളും പോഷകാഹാരക്കുറവും മൂലം ആദിവാസി മേഖലയിൽ ദുരിതങ്ങളും മരണങ്ങളും തുടരുമ്പോഴും അധികൃതരുടെ ഭാഗത്തുനിന്നും ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ? | (സി) | പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പട്ടികവർഗ്ഗ വികസനവകുപ്പ്, ആരോഗ്യ വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റേയും സഹായത്തോടെ അടിയന്തിര നടപടികൾ സ്വീകരിക്കുന്നു.<br>പകർച്ചവ്യാധികളും മറ്റും ആദിവാസി മേഖലയിൽ ദുരിതങ്ങൾ ഉണ്ടാകുമ്പോൾ പട്ടികവർഗ്ഗ വികസനവകുപ്പ് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ടി മേഖലയിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പുകളും നടപ്പിലാക്കുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ടി മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തു വരുന്നു. ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് സൗജന്യചികിത്സയും അവരെ സഹായിക്കുന്നതിന് ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ